# ശബരീശഗീതാഞ്ജലി:



പി. സി. വാസുദേവൻ എളയതു്.

P.C.V.E
11.3.67.

# ശബരീശഗീതാഞ്ജലി:

Prof: P. C. Vasudevan Elayath
P. O. KARKASSERA
(VIA) CHITTATTUKARA
TRICHUR DIST
KERALA

DHARMARAM COLLEGE
LIBRARY
BANGALORE-29

August'n Thottakara, C. M. I.
Dharmaram College
Bangalore - 560 029
India. (Phone: 40266)

(Sanskrit)

Sabareesa Geethanjali (Poetry)

By Sahityanipunan P. C. Vasudevan Elayath

Kakkasseri, Trichur District, Kerala State.

First Published — December 1965.

Copies 500.

Published by
T. Sankunny Menon, M. A.
Viyyur — Trichur—10.

Printed at
Bharathee Bhooshanam Press
Viyyur, Trichur—10,

Price Rs: 0.60.

Copyright to Author.

DHARMARAM VIDYA KSHETRAM
LIBRARY

Ac. No. ..............................

Call No. ..............................

# ശബരീശഗീതാഞ്ജലി:

ഗ്രന്ഥകർത്താ

**സാഹിത്യനിപുണൻ**

**പി. സി. വാസുദേവൻ എളയതു്.**

BHARMARAM VIDYA KSHETRAM
Central Library
BANGALORE-560 029

ടിപ്പണി

**വിദ്വാൻ, സി. പി. കൃഷ്ണൻ എളയതു്.**

വില 60 പൈസ.

# പ്രാസ്താവികം

കേരള സാഹിത്യ അക്കാദമിയുടെ ധനസഹായത്തോടെ അടുത്തകാലത്തു പ്രസിദ്ധീകരിച്ച കൃഷ്ണനാട്ടത്തിൻെറ ഗദ്യവിവർത്തനംകൊണ്ടു സഹൃദയലോകത്തിൻെറ സമാദരത്തിന്നു പാത്രമാകുകയും, ഇയ്യിടെ തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ പണ്ഡിതസമാജത്തിൽ വെച്ചു സാഹിത്യനിപുണമുദ്രയാൽ ബഹുമാനിതനാകുകയും ചെയ്ത, പ്രഫസർ. പി. സി. വാസുദേവൻ എളയതു് അഭ്യസ്തവിദ്യരായ കേരളീയൎക്ക അപരിചിതനല്ല. അദ്ദേഹം 'ശ്രീഗുരുവായുപുരേശസുപ്രഭാത'മെന്ന ലഘുകൃതിയെ തുടൎന്ന പ്രസിദ്ധപ്പെടുത്തുവാൻപോകുന്ന ഭക്തിനിർഭരമായ ഒരു പദ്യഗീതികാവ്യമാണു ശ്രീശബരീശഗീതാഞ്ജലി.

വിപുലമായൊരു ശിഷ്യസമ്പത്തിനെ വളൎത്തിയെടുത്തുകൊണ്ടു് ദീൎഘകാലം അധ്യാപകവൃത്തിയിൽ ഏകതാനനായിരുന്ന, എളയതു് അവർകൾ, സ്വയം ആ ബന്ധത്തിൽനിന്നു വിമുക്തനായപ്പോൾ, ഗദ്യത്തിലും പദ്യത്തിലും, ഭാഷയിലും സംസ്കൃതത്തിലും ഒന്നുപോലെ വിഹരിക്കുവാൻ സാധിക്കുന്ന തൻെറ പ്രതിഭയും പ്രയത്നവും കേരളഭാഷയ്ക്കും കേരളീയൎക്കും ഉണൎവ്വും ഉന്മേഷവും നൽകുവാൻ പോന്ന വിധത്തിൽ പ്രകാശിപ്പിക്കുവാനൊരുങ്ങുന്നതിൻെറ അരുണോദയമായിട്ടാണു ഞാൻ ഈ ലഘുകൃതിയെ ദൎശിക്കുന്നതു്. സാഹിത്യത്തിലെന്നപോലെ ശാസ്ത്രത്തിലും, മലയാളത്തിനും മലയാളികൾക്കും മാൎഗ്ഗദൎശകമായ കൈമുതൽ നേടിക്കൊടുക്കുന്നതിനു്, സഹൃദയലോകത്തിൻെറ സഹായസഹകരണങ്ങൾ സങ്കുചിതങ്ങളാകാതിരിക്കുന്നിടത്തോളം, പണ്ഡിതരാജൻ, കെ. അച്ചുതപ്പൊതുവാളുടെ പ്രമുഖശിഷ്യനായ ഈ 'സാഹിത്യനിപുണ'ൻെറ ഭാവിജീവിതം സമൎത്ഥമാണു് എന്നുള്ളതിൽ സംശയലേശംപോലുമില്ല. ആശാസ്യമായ ഈ പരിവൎത്തനത്തിൻെറ ഇളംകതിരുകൾ കേവലം ഭക്തിമയമായ ഈ 'ഗീതാഞ്ജലി'യുടെ നിൎമ്മാണത്തിലും നാമ്പിട്ടുനില്ക്കുന്നതു സഹൃദയലോകത്തിനു സുവ്യക്തമാണു്.

ഈ ഗ്രന്ഥത്തിൽ അംഗീകരിച്ചിരിക്കുന്ന ഭാഷയും ഛന്ദസ്സും സംസ്കൃതമായാലും, സുഗമമല്ലാത്ത ശാസ്ത്രീയപ്രക്രിയ, ഭക്തിപ്രവാഹത്തിന്റെ വേലിയേററത്തിൽ 'പാലാഴി വെള്ളത്തിൽ മുങ്ങിനിന്നീടുന്ന നീലാഭമായൊരു ശൈലംപോലെ' ആസ്വാദകലോകത്തിന്നു തെളിഞ്ഞുകാണാവുന്നതാണു്.

ആണ്ടുതോറും ആയിരക്കണക്കിന്നു പെരുകിക്കൊണ്ടിരിക്കുന്ന അയ്യപ്പഭക്തന്മാക്കു് ഉടുക്കുകൊട്ടിപ്പാടുവാൻ ഉചിതമായ ഒരു ഛന്ദസ്സു തിരഞ്ഞെടുക്കുകയും, അതുതന്നെ പ്രസ്തരിച്ചുകൊണ്ടു വിവിധരീതിവൈചിത്ര്യങ്ങൾ ആവിഷ്കരിക്കുകയും ആണു്, ഈ ലഘുകൃതിയിൽ കൈക്കൊണ്ടിരിക്കുന്ന പദ്ധതി. നൂതനവൃത്തങ്ങൾ തേടി വൃത്തത്തിന്റെ വലയത്തിൽനിന്നു് എടുത്തുചാടുന്ന ഇന്നത്തെ എഴുത്തുകാക്കു് ഇതു വിശേഷിച്ചും ശ്രദ്ധേയമായിരിക്കുന്നു.

രൂപശില്പത്തിൽ മാത്രമല്ല ഭാവാവിഷ്കാരത്തിലും ശബരീശഗീതാഞ്ജലി ഭക്തജനങ്ങളുടെ സവിശേഷശ്രദ്ധയെ ആകഷിക്കുവാൻ പോന്നതാണു്. "ദയിതതമം തവ മാനസപൂജനമാനതമൌലിരസൌ തനുഭൃത്" എന്നു് ഈ സംഗതി കാവ്യാരംഭത്തിൽ സൂചിപ്പിച്ചിരിക്കുന്നതായിക്കാണാം.

ഈശ്വരാരാധനം കായവാങ്മനസ്സുകളെക്കൊണ്ടു് പ്രത്യേകം നിവ്വഹിക്കാവുന്നതാണല്ലൊ. അക്കൂട്ടത്തിൽ ശാരീരികമായ നമസ്കാരം, വാചികമായ നാമജപം തുടങ്ങിയവയെക്കാൾ മാനസപൂജയ്ക്കു ക്ലേശവും ഫലവും കൂടുകയും ചെയ്യും. തന്മൂലം അതു ദയിതതമവും ആകുന്നു. കവി, ശരീരത്തെയല്ല, ആത്മാവിനെ ആണു് കെട്ടുമുറുക്കി മലകയറുവാൻ അയക്കുന്നതു്, എന്നു ടിപ്പണിയിൽ, ശ്രീ. സി. പി. കെ. എളയതു് ഈ സംഗതി എടുത്തുകാണിക്കുന്നതുമുണ്ടു്.

ശ്രീമദ്ഭാഗവതത്തിലെ ഗോപികാഗീതത്തിലും, നാരായണീയം 68-ാം ദശകത്തിലും, കൃഷ്ണനാട്ടത്തിൽ രാസക്രീഡയിലും, പ്രചാരത്തിലിരിക്കുന്ന 'സമ്മതാ' വൃത്തമാണു് ഇതിലേയ്ക്കു തിരഞ്ഞെടുത്തിരിക്കുന്നതു്. "നരരലംഗവും സമ്മതാഭിധം" എന്നതാണു 'സമ്മത'യുടെ ലക്ഷണം. സമ്മതയുടെ ഒരു പാദം ഗോപികാഗീതത്തിൽതന്നെ സ്വല്പം വ്യത്യസ്തമാണു, 'വഷമാരുതാദ് വൈദ്യുതാനലാത്' എന്നു്. ഈ പാ

ദംപോലെ നാലു പാദവും ചേൎന്നാൽ അതു 'രാസകേളികാ' വൃത്തമാകുന്നു. 'രംയജംഗവും രാസകേളികാ' എന്നു ലക്ഷണം. 'രാസകേളിക'യേപ്പോലെ, 'സമ്മത'യെ പ്രസ്തരിക്കുമ്പോൾ കിട്ടുന്ന മററു രണ്ടു വൃത്തങ്ങളാണു 'ഹരിഹരാച്ഛന'വും 'ഡമരുഘട്ടന'വും. ഇവയുടെ ലക്ഷണം:- 'നരനരം വരും ഹരിഹരാച്ഛനം; 'രംജസം ലഗം ഡമരുഘട്ടനം'. 'സമ്മത'യുടെ പ്രസ്താരത്തിൽ അക്ഷരസംഖ്യയെ ഒട്ടും ഗണിക്കാതെ മാത്രയെയാണു ആശ്രയിക്കേണ്ടതു്.

പദ്യഗീതലക്ഷണം:-

"അന്ത്യപ്രാസോ നിയതോ ന വിദ്യതേ പല്ലവം ച നിശ്ശേഷം
രാഗേണൈകേന തഥാ താളേനൈകേന വാ സമായുക്തം
വൃത്തനിബദ്ധചതുഷ്പദചരണകലാപം ച ഗീയമാനം യദ്
സുന്ദരപദ്യകദംബം തദുച്യതേ സാധു പദ്യഗീതാഖ്യം"

(കൃഷ്ണനാട്ടപ്രവേശകം. പേജ് 69)

ശബരീശഗീതാഞ്ജലിയിൽ ആദ്യത്തെ മൂന്നു പദ്യഗീതങ്ങളും 'സമ്മതാ'വൃത്തവും, നാലാമത്തേതു 'ഡമരുഘട്ട' നവും, അഞ്ചാമത്തേതു 'രാസകേളിക'യും, ആറാമത്തേതു് 'ഹരിഹരാച്ഛ'നവും ആകുന്നു. ഏഴാമത്തേതാകട്ടെ ഇപ്പറഞ്ഞ വൃത്തങ്ങൾ കലൎന്ന ഉപജാതിയുമാണു്.

സാഹിത്യരസാസ്വാദത്തോടൊപ്പം അനുവാചകന്മാൎക്കു് അവരറിയാതെതന്നെ ശാസ്ത്രസങ്കേതങ്ങളിലും നിത്യപരിചയം വളൎത്തുവാൻ സഹായകമാകുംവിധത്തിലുള്ള ശ്രീ. എളയതിൻെറ കാവ്യപഥസഞ്ചാരങ്ങളുടെ ദൂരവ്യാപകമായ ഉദ്ദേശ്യവും ഉപയോഗവും കുറഞ്ഞൊന്നു ചൂണ്ടിക്കാണിച്ചു് സഹൃദയലോകത്തിൻെറ ശ്രദ്ധ ക്ഷണിക്കുകമാത്രമാണു് എൻെറ കൎത്തവ്യം. ഈ കൃത്യം സസന്തോഷം നിൎവ്വഹിക്കുന്നതോടൊപ്പം ഗ്രന്ഥകാരനു സൎവ്വവിധഭാവുകങ്ങളുംകൂടി നേൎന്നുകൊള്ളട്ടെ!

തൃശ്ശൂർ. എൻ. ഡി. കൃഷ്ണനുണ്ണി.
30-12-65

# സമൎപ്പണം

**പണ്ഡിതരാജൻ**

**ശ്രീ. കെ. അച്യുതപ്പൊതുവാൾ** അവർകളുടെ

**പാദങ്ങളിൽ**

ഗീതികാവ്യമിദം ശ്രീമ-
ദാചാൎയ്യചരണാംബുജേ
സമൎപ്പയതി തച്ഛിഷ്യ-
പാമാണരയം ജനഃ

— **ഗ്രന്ഥകാരൻ.**

# അനുമോദനം

സംവീക്ഷ്യ സാവഹിതി ബന്ധുരബന്ധചാരു
തുഷ്യാമി ഭക്തിരസഭാസുരഗീതികാവ്യം;
ശ്രീഭൂതനാഥപദയോരിദമൎപ്പണീയം
തത്രൈവ വിശ്രമമിയാൽ കവികാമപൂൎത്ത്യൈ!

പണ്ഡിതരാജൻ, **കെ. അച്യുതപ്പൊതുവാൾ.**

# പ്രാർത്ഥനാ

അയി! ശബരീശ്വര, വിശ്വമനോഹര,
വിശ്വജനാഭയദാനരതേ
ത്വയി ഗതമസ്തു നിരസ്തസമാധിസമാധി-
സമാധി മനോ മഹിതേ;
ദയിതതമം തവ മാനസപൂജന-
മാനതമൌലിരസൌ തനുതേ;
മയി കരുണാം കുരു പങ്കജലോചന,
പങ്കവിനാശന, പുണ്യഗതേ!

ലോകത്തിൻെറ മനസ്സിനെ ആകൎഷിക്കുന്ന ശബരീനാഥാ, എല്ലാജനങ്ങൾക്കും അഭയം നല്കുന്നതിൽ തത്പരനായിരിക്കുന്നവനും പൂജ്യനുമായ അങ്ങയിൽ, എൻെറ മനസ്സ് സമസ്തമനോവ്യഥകളേയും നീക്കുന്നസമാധിയിൽ നന്നായി ഊന്നിയതായിട്ട്, എത്തിച്ചേൎന്നതാകട്ടെ! അവിടത്തേക്ക് ഏററവും ഇഷ്ടപ്പെട്ട മാനസപൂജ ഈയുള്ളവൻ ഭക്തിനമ്രനായിട്ട് ചെയ്തുകൊള്ളുന്നു. പാപം കെടുത്തുന്നവനും പുണ്യങ്ങളാൽ പ്രാപ്യനായിട്ടുള്ളവനുമായ അല്ലേ താമരക്കണ്ണാ, അവിടന്ന് എന്നിൽ കരുണചെയ്യേണമേ!

കുറിപ്പ്:- 1. സമ+ആധി=എല്ലാദുഃഖവും. 2. സമാധി=മനസ്സിൻെറ ഏകാഗ്രത. 3. സമ്+ആധി=സമ്യഗാധാനം (ഉറപ്പിച്ചുവെക്കൽ, നല്ലവണ്ണം ഊന്നൽ).

---

# ശബരീശഗീതാഞ്ജലി:

## പദ്യഗീതം: ഒന്നു്.

### ധ്യാനപ്രതിഷ്ഠ.

ധ്യാനപ്രതിഷ്ഠ എന്നാൽ, ഉദ്ദിഷ്ടദേവതയുടെ അഭിമതമായ സ്വരൂപം ധ്യാനമാൎഗ്ഗമവലംബിച്ചു് തന്റെ മനസ്സിൽ ഉറപ്പിയ്ക്കുക എന്ന കൎമ്മമാകുന്നു. അതാണു് ഈ ഗീതത്തിലെ വിഷയം.

ശബരീശ്വരനു് ഏററവും ഇഷ്ടപ്പെട്ട ശരണകീൎത്തനം ചെയ്യുന്നു:-

ശബരികേശ്വരം ശാന്തസുന്ദരം
പതിതപാവനം പാപനാശനം
ഭുവനഭാവകം ഭൂതിദായകം
ശരണമാശ്രയേ ഭൂതനായകം. (1)

പതിതപാവനൻ=പാപം ചെയ്തു് അധഃപതിച്ചവരെ ശുദ്ധീകരിക്കുന്നവൻ. പാപനാശനനായതുകൊണ്ടാണു് ഇതു് നിർവഹിയ്ക്കപ്പെടുന്നതു്. ഭുവനഭാവകൻ=ലോകങ്ങളെ ഉദ്ഭവിപ്പിയ്ക്കുന്നവൻ. ഭൂതിദായകൻ=ഐശ്വര്യം നല്കുന്നവൻ. ഭൂതനായകം ശരണം ആശ്രയേ=ശാസ്താവിനെ ഞാൻ ശരണമായിട്ടു് ആശ്രയിയ്ക്കുന്നു.

മാനസപൂജ സ്വീകരിച്ച് മനശ്ശാന്തി നല്കേണമേ എന്നു പ്രാത്ഥിക്കുന്നു—

അയി വിഭോ, മുദാ കല്പിതം ഹൃദാ
ഭവദുപാസനം ഭാവശോധനം
വരദ, ഗൃഹ്യതാം; നാഥ, ദാസതാ-
മനുഗൃഹാണ മേ, ശാന്തിരസ്തു മേ! (2)

വിഭു=സർവ്വവ്യാപി, സർവ്വശക്തൻ. മുദാകല്പിതം=സന്തോഷത്തോടെ ചെയ്യപ്പെട്ട. ഹൃദാ ഭവദുപാസനം=ഹൃത്തുകൊണ്ടുള്ള അവിടത്തെ പൂജ (മാനസപൂജ). ഭാവശോധനം=ഭാവത്തെ (മനസ്സിനെ) ശുദ്ധീകരിക്കുന്നതു്. മേ ദാസതാം അനുഗൃഹാണ= എന്റെ ദാസഭാവത്തെ അനുഗ്രഹിക്കേണമേ. (എന്നെദാസനായി കൈക്കൊള്ളുമാറാകേണമേ) മേ ശാന്തി: അസ്തു=എനിക്ക മനശ്ശാന്തി ഉണ്ടാകട്ടേ! വരദ=വരം നല്കുന്നവനേ. അവിടന്നു് എനിക്കു നല്കേണ്ട വരം എന്നെ അവിടത്തെ ദാസനായി സ്വീകരിക്കലും എനിക്കു മനഃശാന്തി പ്രദാനം ചെയ്യലുമാണു് എന്നാശയം.

അടുത്ത അഞ്ചു ചരണങ്ങളെക്കൊണ്ടു് ധ്യേയമായ ഭഗവദ്രൂപത്തിന്റെ 'കേശാദിപാദം' വർണ്ണിക്കുന്നു—

അരുണസുപ്രഭാമണ്ഡലാവൃതിം
കനകചമ്പകാപാടലദ്യുതിം
സമനുചിന്തയേ സത്യസദ്ഗതിം
ഭുവനനാഥ, തേ മംഗളാകൃതിം. (3)

പാദം: 1 അരുണവർണ്ണമായ നല്ല പ്രഭാമണ്ഡലത്തിന്റെ മദ്ധ്യത്തിലുള്ള. ആവൃതി=ആവരണം, പരിവേഷം. പാദം 2. പൊൽച്ചമ്പകപ്പൂപോലെ ഇളം തുടുപ്പായ ശോഭയുള്ള. സത്യസദ്ഗതി=പരമാത്ഥമായ പ്രാപ്യസ്ഥാനം. മംഗളാകൃതിം സമനുചിന്തയേ=(ഇങ്ങനെയെല്ലാമുള്ള) മംഗളസ്വരൂപത്തെ ഞാൻ ധ്യാനിച്ചുകൊള്ളുന്നു.

ജലദകോമളം നീലകുന്തളം,
വിമലഫാലകം വീരലാസകം,
ലളിതചഞ്ചലം ഭ്രൂലതാഞ്ചലം,
നളിനശോഭനം ധീരലോചനം, (4)

ജലദം=കാർമേഘം. ഫാലകം=നെററി. വീരലാസകം=വീരന്മാർക്ക് ഉശിരുപിടിപ്പിക്കുന്ന. അഥവാ വീരരസത്തിൻെറ കൂത്തരങ്ങായ. ലളിതചഞ്ചലം=ചന്തത്തിലിളകുന്ന. നളിനശോഭനം=താമരപ്പൂപോലെ മനോഹരമായ. ധീരലോചനം=ധൈര്യം പ്രകാശിപ്പിക്കുന്ന കണ്ണ്.

തിലസുമോപമാ നാസികാ, ധര-
സ്ഫുരിതസുസ്മിതം ശുഭസുന്ദരം,
കനകകുണ്ഡലം ഗണ്ഡമണ്ഡനം,
മുഖമിദം വിഭോ താപഖണ്ഡനം! (5)

തിലസുമോപമാ=എള്ളിൻപൂപോലെയുള്ളത്. അധരസ്ഫുരിതസുസ്മിതം=ചുണ്ടിൽ മിന്നുന്ന നല്ല പുഞ്ചിരി. കുണ്ഡലം=കർണ്ണാഭരണം. ഗണ്ഡമണ്ഡനം=കവിൾത്തടത്തിന്ന് അലങ്കാരമായത്. ഇദംമുഖം=(ഇങ്ങനെയെല്ലാമായ) ഈ മുഖം. താപഖണ്ഡനം=(ഭക്തന്മാരുടെ) എല്ലാദുഃഖങ്ങളേയും അകററുന്നതാണ്.

മണിവരോജ്ജ്വലത്കണ്ഠഭൂഷണം,
വിപുലവക്ഷസാ വൈരിഭീഷണം,
കരതലോല്ലസദ്ബാണകാർമ്മുകം
സജലനീരദാനീലചേലകം. (6)

പാദം 1. ഉത്തമരത്നങ്ങളാൽ വെട്ടിത്തിളങ്ങുന്ന കണ്ഠഭൂഷണമുള്ള. (ഭഗവാൻ മണികണ്ഠനമാണല്ലോ.) പാദം 2. പരന്ന മാറിടം കൊണ്ടു ശത്രുക്കൾക്കു ഭയമരുളുന്ന. പാദം 3.

ഇരുകൈകളിൽ ശോഭിക്കുന്ന അമ്പും വില്ലും അണിഞ്ഞ.
പാദം 4. നീരുണ്ടകൊണ്ടലിനൊത്ത നീലപ്പട്ടുടുത്ത.

സുദൃഢജംഘയാ സാധുശോഭിതം
ചരണപങ്കജേ സജ്ജനാച്ചിതം
അരിവിമർദ്ദനേ നിത്യദീക്ഷിതം
ത്രിദശപൂജിതം വ്യാഘ്രസംസ്ഥിതം. (7)

പാദം 1. ഉറച്ച കണങ്കാൽകൊണ്ടു നല്ലപോലെ ശോഭിക്കുന്ന. ചരണപങ്കജേ=കാൽത്താമരമലരിൽ. സജ്ജനാച്ചിതം=സജ്ജനങ്ങൾ പൂജിക്കുന്ന. പാദം 3. ശത്രുസംഹാരത്തിനു് എന്നും ഒരുങ്ങിനില്ക്കുന്ന. ത്രിദശപൂജിതം=ദേവന്മാർ ആരാധിക്കുന്ന. വ്യാഘ്രസംസ്ഥിതം=പുലിപ്പുറത്തെഴുന്നെള്ളിയിരിക്കുന്ന.

വപുരിദം മനഃകാനനാന്തരേ
ലസതു മാമകേ ഭക്തിമന്ദിരേ
മഹിതസന്നിധിപ്രാഭവോദിതാ
മനസി ഭാസതാം ദേവ, ശാന്തതാ! (8)

ഇദം വപുഃ =ഈ തിരുവുടൽ. മനഃകാനനാന്തരേ=മനസ്സാകുന്ന വൻകാട്ടിനുള്ളിൽ. ഭക്തിമന്ദിരേ=ഭക്തിയാകുന്ന 'പൊന്നമ്പലത്തിൽ'. ലസതു = പ്രകാശിക്കുമാറാകട്ടേ. പാദം 3. ശ്രേഷ്ഠമായ 'സന്നിധി'യുടെ മേന്മയാലുളവായ ശാന്തതാ=ഭക്തിയുടെ പരമസാദ്ധ്യമായ ശാന്തി. ഭാസതാം=മിന്നിത്തിളങ്ങുമാറാകട്ടേ!

പദ്യഗീതം: രണ്ടു്.

സന്നിധിപ്രാപ്തി.

സന്നിധിപ്രാപ്തി എന്നു വെച്ചാൽ വിധിപ്രകാരമുള്ള 'മലചവുട്ടൽ' തന്നെ. ഇവിടെ കവി തൻെറ ചേതനയെ (ആത്മാവിനെ) ആണു്, ശരീരത്തെയല്ല, കെട്ടു നിറച്ചു മല ക്കയയ്ക്കുന്നതു്. മലയും പൊന്നമ്പലവും കഴിഞ്ഞ ഗീതത്തിൽ വൎണ്ണിച്ചിട്ടുണ്ടല്ലോ. മലകയററം ചിത്രീകരിക്കുന്നു—

മമ തു ചേതനാ വേപിതാ പരം
ഭൃഗുമയേ പഥി ക്ലേശിതാ ചിരം
ദ്രുതഹൃദന്തരാ തേ കൃപാമൃതം
ശരണമാശ്രിതാ ദേവസേവിതം. (1)

തുശബ്ദം, ശരീരമല്ല, ചേതനയാണു് സന്നിധിയിലേ ക്കു പുറപ്പെടുന്നതു് എന്ന വ്യതിരേകം കാണിക്കുന്നു. പരം വേപിതാ=ഏററവും വിറപൂണ്ട. ഭൃഗുമയേപഥി ചിരം ക്ലേ ശിതാ='ഭൃഗു' നിറഞ്ഞ മാൎഗ്ഗത്തിൽ, നന്ന ക്ലേശിച്ചു്, ഭൃഗു= കുത്തനേയുള്ള കയററവും ഇറക്കവും. ജീവിതത്തിലെ സമ്പ ത്തും വിപത്തുമാണു ഇവിടെ വിവക്ഷിതം. ദ്രുതഹൃദന്തരാ= മനസ്സു ചുട്ടുരുകിയ. എന്നിട്ടു ഭക്തിമയമായിത്തീൎന്ന എന്നും. "ചതുൎവ്വിധാ ഭജന്തേ മാം ജനാഃ സുകൃതിനോ ऽൎജ്ജുന, ആൎത്തോ ജിജ്ഞാസുരൎത്ഥാൎത്ഥീ ജ്ഞാനീ ച ഭരതൎഷഭ" എ ന്നാണല്ലോ ഗീതാവചനം. ദേവസേവിതം തേ കൃപാമൃതം ശരണം ആശ്രിതാ=ദേവന്മാർ സേവിച്ചുപോരുന്ന അവി ടത്തെ കൃപയാകുന്ന അമൃതത്തെ ശരണമായി അവലംബിച്ചു കൊണ്ടു്. അടുത്ത ചരണത്തോടു് അന്വയം.

ഭവദുപായനം ജീവിതാത്മകം
മധുരതിക്തകാകീൎണ്ണഭാണ്ഡകം
ശിരസി ഗൃഹ്ണതീ ഭക്തിപാവിതാ
ഹരിഹരാത്മജ, ത്വാമുപാഗതാ. (2)

ഭവദുപായനം=അങ്ങയ്ക്കുള്ള കാഴ്ചദ്രവ്യങ്ങൾ. ജീവിതാത്മകം — തന്റെ ജീവിതത്തെത്തന്നെയാണു കവി ഉപായനമായപ്പിയ്ക്കുവാൻ പോകുന്നതു്.

പാദം 2 = മധുരിയ്ക്കുന്നവയും കയ്ക്കുന്നവയുമായ പദാത്ഥങ്ങളൾക്കൊണ്ടു. ഭാണ്ഡം='കെട്ടു്'. ശിരസി ഗൃഹ്ണതീ = തലയിലെടുത്തുകൊണ്ടു്. ഭക്തിപാവിതാ = ഭക്തിയാൽ പരിശുദ്ധീകരിയ്ക്കപ്പെട്ടു്. ത്വാം ഉപാഗതാ = അവിടത്തെസ്സമീപത്തെത്തിയിരിയ്ക്കുന്നു.

സന്നിധിയിലെത്തുമ്പോഴുണ്ടാകുന്ന ഹഷപാരവശ്യം വണ്ണിയ്ക്കുന്നു—

തവ ച സന്നിധൌ ഹഷസങ്കുലാ
നവനവോന്മിഷന്മൂർച്ഛനാകുലാ
ശരണകീത്തനോന്മാദിതാശയാ
പുളകപൂരിതാ നൃത്യതീഹ യാ. (3)

ഇഹ തവ സന്നിധൌ ച=ഇവിടെ, അവിടത്തെ സന്നിധിയിൽ, എത്തിയപ്പോഴാകട്ടെ. ഹഷവിഹ്വലാ=സന്തോഷപാരവശ്യം പൂണ്ടു്; പാ: 2. പുതിയ പുതിയ ആനന്ദമൂർച്ഛയിൽ മുഴുകിയിട്ടു്. പാ: 3. ശരണകീത്തനം പാടിപ്പാടി ഭക്തിജന്യമായ ഉന്മാദം പൂണ്ടഹൃദയത്തോടെ. പുളകപൂരിതാ= അടിമുടി രോമാഞ്ചമണിഞ്ഞു്. യാ നൃത്യതി=യാതൊരു ചേതന നൃത്തംവെയ്ക്കുകയാണു്.

നാളികേരം ഉടയ്ക്കുക കർപ്പൂരം കത്തിയ്ക്കുക എന്ന ചടങ്ങുകൾ യഥാക്രമം വണ്ണിയ്ക്കുന്നു—

നിഹിതമഗ്രതോ നാളികേരകം
മമ മനോമയം ഭിദ്യതേ സ്വയം
മധുരനിമ്മലം തദ്രസം സ്രുതം
പരിഗൃഹാണ തേ പാദ്യമപ്പിതം. (4)

അഗ്രതഃ=തിരുമുമ്പിൽ (സന്നിധിയിലെത്തി ആദ്യമായിട്ട് എന്നും) നിഹിതം=എടുത്തുവെച്ച. മമ മനോമയം നാളികേരകം =എന്റെ മനസ്സാകുന്ന (ഹൃദയഗ്രന്ഥിരൂപമായ) നാളികേരം. സ്വയം ഭിദ്യതേ=തനിയേ ഉടയുന്നു. ഇതു വ്യതിരേകം. സ്രുതം മധുരനിർമ്മലം തദ്രസം=ഒഴുകിയ മധുരനിർമ്മലമായ ആ വെള്ളം. തേ പാദ്യം അർപ്പിതം=അങ്ങേയ്ക്കു് പാദ്യമായി സമർപ്പിച്ചുകൊള്ളുന്നു. പരിഗൃഹാണ=അതു് അവിടന്നു കൈക്കൊള്ളേണമേ! ഭക്തി, തജ്ജന്യമായി ആനന്ദാനുഭൂതി, ഇതാണു് ഇവിടെ നാളികേരജലമായിക്കല്പിച്ചിരിക്കുന്നതു്.

ദുരിതസഞ്ചയം ഭക്തിദീപിതം
ജ്വലതി ഹന്ത! കർപ്പൂരമർപ്പിതം
പ്രസരതാം തതഃ സൌരഭം തഥാ
ജ്വലിതപൂതനാവർഷ്മണോ യഥാ. (5)

ദുരിതസഞ്ചയം അർപ്പിതം കർപ്പൂരം ഭക്തിദീപിതം ജ്വലതി ഹന്ത!=എന്റെ പാപക്കൂമ്പാരത്തെ ഞാൻ കർപ്പൂരമായി സമർപ്പിക്കുന്നു; അതു്, തീകൊണ്ടല്ലാ, ഭക്തികൊണ്ടു്, കത്തിക്കുകയാണു്. അങ്ങിനെ അതു് അതാ, കത്തിയെരിയുന്നു. ജ്വലിതപൂതനാവർഷ്മണഃ യഥാ തഥാ തതഃ സൌരഭം പ്രസരതാം=കത്തിയെരിഞ്ഞ പൂതനയുടെ ശരീരത്തിൽനിന്നെന്നപോലെ അതിൽനിന്നു് സുഗന്ധം പരക്കുമാറാകേണമേ! ഭക്തികൊണ്ടു പാപമെല്ലാം നശിച്ച ജീവിതത്തിലാകെ പരിശുദ്ധി പരക്കട്ടെ എന്നു ആശയം. പൂതനയുടെ ശവശരീരം ദഹിപ്പിച്ചപ്പോൾ അതിൽനിന്നു സുഗന്ധമുണ്ടായി എന്നു ഭാഗവതാദികളിൽ വർണ്ണിച്ചിരിക്കുന്നു:

1. ദഹ്യമാനസ്യ ദേഹസ്യ ധൂമശ്ചാഗുരുസൌരഭഃ
2. ശങ്കാമധാദാഗരവഃ കിമേഷ (ഭാഗവതം)
കിം ചാന്ദനോ ഗൌഗ്ഗുലവോ ഽഥവേതി.
(നാരായണീയം)

## പദ്യഗീതം: മൂന്നു്

**മാനസപൂജ.**

മാനസപൂജ എന്നതു, പഞ്ചഭൂതങ്ങളേയും നി:ശേഷം പൂജാദ്രവ്യങ്ങളാക്കിക്കൊണ്ടും പഞ്ചഭൂതാന്തര്യാമിയായ അമൃതചൈതന്യത്തെ, തന്മയമായ ജീവാത്മാവിനെത്തന്നെ—നൈവേദ്യമാക്കിക്കൊണ്ടും ചെയ്യുന്ന സങ്കല്പാത്മകമായ ഒരു വിലക്ഷണമാനസ വ്യാപാരമാകുന്നു. താന്ത്രികമായ ഈ പൂജയുടെ കവിതാമയമായ ആവിഷ്കാരമാണു് ഈ പദ്യഗീതം. വം അബാത്മനാ ജലം കല്പയാമി. ലം പൃഥിവ്യാത്മനാ ഗന്ധം കല്പയാമി. ഹം ആകാശാത്മനാ പുഷ്പം കല്പയാമി. യം വായ്വാത്മനാ ധൂപം കല്പയാമി. രം അഗ്ന്യാത്മനാ ദീപം കല്പയാമി. ഠം അമൃതാത്മനാ നൈവേദ്യം കല്പയാമി എന്ന മാനസപൂജാ മന്ത്രങ്ങളുടെ ആശയം യഥാക്രമം ആറു ചരണങ്ങളെക്കൊണ്ടു് ആവിഷ്കരിക്കുന്നു—

അഹമബാത്മനാ കല്പയാമി തേ
ജലസമർച്ചനം ഭൂതസത്പതേ,
തരളവീചികൈർമന്ത്രസുസ്വരൈ-
ർന്ദനദീശതൈർനൈകസാഗരൈ: (1)

പൂജകൻ തന്നെ വെള്ളമാണെന്നു് സങ്കല്പിച്ചു് ചെയ്യുന്ന ആത്മാർപ്പണമാണു ജലം കൊണ്ടുള്ള അർച്ചനം; ഇതിൽ സമസ്ത നദീനദങ്ങളും സകല സാഗരങ്ങളും ഉൾക്കൊള്ളിക്കപ്പെടുന്നു. അവയിലെ ഓളങ്ങളുടെ ഒച്ച മന്ത്രോച്ചാരണമാണെന്നു് കവി ഭാവനാ. ഭൂതസത്പതേ എന്നു സാഭിപ്രായസംബോധനം.

പുനരിദം പൃഥിവ്യാത്മനാ വിഭോ,
വിരചയാമ്യഹം ഗന്ധകല്പനം
കലിതകുങ്കുമൈശ്ചന്ദനൈർമഹീ-
കനകഭാജനേ ഗന്ധയുക്തിഭി: (2)

പുനഃ=അനന്തരം. പൃഥിവ്യാത്മനാ=പൃഥിവീരൂപത്തിൽ. അഹം ഇദം ഗന്ധകല്പനം വിരചയാമി=ഞാൻ ഈ ഗന്ധകല്പനം നിർവ്വഹിയ്ക്കുന്നു. കലിതകുങ്കുമൈഃ ചന്ദനൈഃ=കുങ്കുമം കലൎന്ന ചന്ദനം കൊണ്ടുള്ള. ഗന്ധയുക്തിഭിഃ=കളഭക്കൂട്ടുകൊണ്ടു്. ഭൂമിയെ സ്വൎണ്ണംകൊണ്ടുണ്ടാക്കിയ 'ചന്ദനോടം' ആയിട്ടു കവി കല്പിച്ചിരിയ്ക്കുന്നു. ഭൂമിയിൽ പിന്നെ കുങ്കുമച്ചെടികളും ചന്ദനവൃക്ഷങ്ങളും ഉണ്ടു താനും.

വിതനുതേ ച തേ പുഷ്പപൂജനം
ഗഗനതന്മയീഭാവഭാവനാ
മമ, ചിതൈൎഹരിദ്രത്നഭാജനേ
ശബളകാന്തിഭിഃ സൂനസഞ്ചയൈഃ (3)

മമ ഗഗനതന്മയീഭാവഭാവനാ=ആകാശമായിപ്പരിണമിച്ചിട്ടു് എന്ന എന്റെ സങ്കല്പം. തേ പുഷ്പപൂജനം വിതനുതേ ച=അങ്ങയ്ക്കു പുഷ്പാൎച്ചനം ചെയ്യുകയും ചെയ്യുന്നു. ഹരിദ്രത്നഭാജനം=പച്ചക്കൽകൊണ്ടുള്ള പാത്രം—'പൂപ്പാലികാ' (വ്യോമമണ്ഡലം) അതിൽ. ചിതൈഃ ശബളകാന്തിഭിഃ സൂനസഞ്ചയൈഃ=അറുത്തു് ഒരുക്കിവെച്ചിട്ടുള്ള നാനാവൎണ്ണങ്ങളായ പുഷ്പസമൂഹങ്ങളെക്കൊണ്ടു്. പുഷ്പങ്ങൾ നക്ഷത്രങ്ങളാണു്. അഥവാ, ഗഗനോന്മുഖമായി വിടൎന്നു നില്ക്കുന്ന പുഷ്പങ്ങളെല്ലാം ആ നീലപ്പൂപ്പാലികയിൽ ഒരുക്കി വെച്ചവയാണു് എന്നാശയം.

പവനരൂപവാൻ ഭാവനാബലാദ്
ഭുവനനാഥ, തേ കല്പയാമ്യഹം
ലളിതവീജനൈൎഭക്തിപാവനൈഃ
പ്രിയതമം പ്രഭോ, ധൂപതൎപ്പണം. (4)

ഭാവനാബലാത് പവനരൂപവാൻ=സങ്കല്പശക്തികൊണ്ടു വായുവായിച്ചമഞ്ഞിട്ടു്. ഭക്തിപാവനൈഃ ലളിതവീജ

നൈഃ=ഭക്തിയാൽ പരിശുദ്ധങ്ങളായ സുഖാവഹമായ വീശൽകൊണ്ടു്. പ്രിയതമം ധൂപതപ്പണം വിരചയാമി=അവിടയ്ക്കു ഏററവും ഇഷ്ടപ്പെട്ട ധൂപാച്ച്നനം ചെയ്തുകൊള്ളുന്നു. ധൂപം =സുഗന്ധിയായ പുക.

പരമുപാസ്മഹേ തൈജസാത്മനാ
ശരണദായകം ത്വാമിഹാത്മനാ
ദിവി ച ഭൂതലേ ദീപ്തിവഷിഭിഃ
ദിവിഷദാംപതേ,ദീപകോടിഭിഃ (5)

ദിവിഷദാംപതേ = ദേവന്മാരുടെ നാഥാ. തൈജസാത്മനാ=അഗ്നിസ്വരൂപമായിട്ടു്. ദിവി ച ഭൂതലേ ദീപ്തിവഷിഭിഃ ദീപകോടിഭിഃ=ആകാശത്തിലും ഭൂമിയിലും വെളിച്ചം ചൊരിയുന്ന കോടിദീപങ്ങളാൽ. ശരണദായകം ത്വാം പരം ഉപാസ്മഹേ=ഭക്തന്മാക്കു ശരണം നല്കുന്ന അങ്ങയെ തികച്ചും ഉപാസിയ്ക്കുന്നു. ആത്മനാ=സ്വയം.

അമൃതമസ്മി യദ് ഭൂതനിഹ്നുതം
വിരചയാമി നൈവേദ്യമത്ര തത്
അമൃതരൂപ, തേ; സച്ചിദാത്മനി
ത്വയി നിലീയതേ ഭേദഭാവനാ. (6)

ഭൂതനിഹ്നുതം = പഞ്ചഭൂതാന്തർയ്യാമിയായ. യദ് അമൃതം=യാതൊരു അമൃതം നിത്യചൈതന്യം. (ഉണ്ടോ) തദ് അസ്മി=അതാകുന്നു ഞാൻ. (അമൃതു് എന്നും) അത്ര തത് തേ നൈവേദ്യം വിരചയാമി=ഇവിടെ അങ്ങയ്ക്കു് അതാണു് നൈവേദ്യമായി കല്പിയ്ക്കുന്നതു്. അമൃതരൂപ, നിത്യസ്വരൂപ. സച്ചിദാത്മനി ത്വയി ഭേദഭാവനാ നിലീയതേ= സത്യചൈതന്യസ്വരൂപനായ അങ്ങയിൽ (അങ്ങയെപ്പററി ചിന്തിയ്ക്കുമ്പോൾ) ഭേദബുദ്ധി, നാനാത്വബോധം വിലയം പ്രാപിയ്ക്കുന്നു. പൂജ്യനായ അവിടന്നും പൂജകനായ ഞാനും പൂജാദ്രവ്യമായ നൈവേദ്യവുമെല്ലാം 'അമൃത' മാണല്ലോ.

---

പദ്യഗീതം: നാലു്.

**ശരണകീർത്തനം.**

ഇതുമുതൽ മൂന്നു ഗീതം ശരണകീർത്തനമാണു്. ഈ ഗീതത്തിൽ ശബ്ദപ്രപഞ്ചത്തിലെ ഓരോ ശബ്ദത്തേയും ശരണഗാനമായി വർണ്ണിയ്ക്കുകയാണു്. പ്രകൃതിയിലെ ആ ഗാനലഹരിയിൽ മതിമറന്നു താനും ഹൃദയമാകുന്ന ഉടുക്കിൻെറ താളത്തിനൊത്തു് ആ ഗാനങ്ങൾ ഏററുപാടുക മാത്രമാണു് ചെയ്യുന്നതെന്നും കവി പറയുന്നു:

ദേവദേവ, തേ ശരണകീർത്തനം
ഭാവബന്ധുരം ശ്രവണസുന്ദരം
വാരിരാശിഭിസ്തരളവീചിഭി-
സ്താരനിസ്വനം വരദ,ഗീയതേ. (1)

തരളവീചിഭി: വാരിരാശിഭി:=അലകടലുകൾ. ശ്രവണസുന്ദരം=കേൾക്കുമ്പോളിമ്പം തോന്നുന്ന. ഭാവബന്ധുരം=ഭക്തിഭാവംകൊണ്ടു ഹൃദ്യമായ. താരനിസ്വനം=ഒച്ചയുയർത്തി. തേ ശരണ കീർത്തനം ഗീയതേ=അവിടത്തേ ശരണകീർത്തനം പാടുകയാണു്.

മന്ദ്രമർമ്മരൈർമ്മലയമാരുതാ-
സ്ത്വാമുപാസതേ ശരണഗീതകൈഃ
ഗാനമാധുരിതരളതാരകം
നാഥ, നിശ്ചലം, ഗഗനമണ്ഡലം. (2)

മലയമാരുതാഃ=തെക്കൻതെന്നലുകൾ. മന്ദ്രമർമ്മരൈഃ ശരണകീർത്തനൈഃ=ഈഷദ് ഗംഭീരങ്ങളായ മർമ്മരങ്ങളാകുന്ന ശരണകീർത്തനങ്ങൾകൊണ്ടു്. ത്വാം ഉപാസതേ=അങ്ങയെ

DVK Library
Bangalore - 29

സ്സേവിയ്ക്കുന്നു. ഗഗനമണ്ഡലം=വിണ്ടലം. ഗാനമാധുരീതരള താരകം=പാട്ടിൽ രസിച്ച് തിളങ്ങുന്ന നക്ഷത്രങ്ങളോടുകൂടി. (പാട്ടിൻെറ ലഹരിയാൽ ചുഴലുന്ന കൃഷ്ണമണിയോടുകൂടി എന്നും). നിശ്ചലം=അത്ഭുതസ്തബ്ധമായി നില്ക്കുന്നു!

പാവനോഷയാ വിഹഗനിസ്വനൈ:
സ്തൂയസേ വിഭോ, ശരണകീർത്തനൈ:
അർച്ച്യസേ തയാ കനകപങ്കജൈ-
രുച്ചിതൈർന്നഭോമഹിതമാനസാത്. (3)

പാവനോഷയാ=പരിശുദ്ധയായ പ്രഭാതലക്ഷ്മി. വിഹഗനിസ്വനൈ: ശരണകീർത്തനൈ:=പറവകൾ പാടുന്ന ശരണകീർത്തനങ്ങളാൽ. സ്തൂയസേ = അങ്ങയെ സ്തുതിയ്ക്കുന്നു. തയാ=ആ ദേവി. നഭോമഹിതമാനസാൽ ഉച്ചിതൈ: കനകപങ്കജൈഃ=ആകാശമാകുന്ന മാനസസരസ്സിൽനിന്നു് അറുത്തെടുത്ത പൊൽത്താമരപ്പൂക്കളാൽ—അർച്ച്യസേ. അങ്ങയെ പ്പൂജിയ്ക്കുയും ചെയ്യുന്നു. പുലരിയിലെ ചെമ്മുകിൽത്തുണ്ടുകളെയാണു് പൊൽത്താമരപ്പൂക്കളാക്കിക്കല്പിച്ചിട്ടുള്ളതു്. മാനസസരസ്സിലാണല്ലോ പൊൽത്താമരപ്പൂക്കൾ.

'ഉഷസ്സി'ന്നു ഉഷാ എന്ന രൂപവുമുണ്ടു്. "ഉഷാ പ്രഭാതം, ഗോസർഗ്ഗഃ" എന്നു 'ത്രികാണ്ഡശേഷം.'

ഗാനവൈഖരീതുമുലസങ്കര-
സ്താളരഞ്ജിതോ ഹൃദയഢക്കയാ
നന്ദതാ മയാ സമനുഗീയതേ;
പ്രീയതാം ഭവാൻ സുമനസാം പതേ! (4)

ഗാനവൈഖരീതുമുലസങ്കരഃ = എല്ലാംകൂടിക്കലൎന്നുകിടക്കുന്ന ഇപ്പറഞ്ഞ ശരണഗാനങ്ങളെ. മയാ=ഞാൻ. നന്ദതാ=

അത്യാഹ്ലാദംപൂണ്ടു്. ഹൃദയഢക്കയാ താളരഞ്ജിതഃ=ഉൾക്കള മാകുന്ന ഉടുക്കിൻെറ താളത്തിനൊപ്പിച്ചു്. സമനുഗീയതേ= മനസ്സിരുത്തി ഏററു പാടുകയാണു്. സുമനസാം പതേ=ദേ വേശാ, (സഹൃദയാഗ്രേസര എന്നും). ഭവാൻ പ്രീയതാം=അ വിടയ്ക്കു പ്രീതിയുണ്ടാകുമാറാകട്ടെ!

ഹൃദയത്തുടിപ്പുകളെ ഉടുക്കിൻെറ താളമായിക്കല്പിച്ചിരി ക്കുകയാണു്. താരം മന്ദ്രം മധുരം എന്ന മൂന്നുതരം ഗാനഭേദ ങ്ങളാണു് യഥാക്രമം കാണിച്ചിട്ടുള്ളതു്. മൂന്നും കലന്ന സം ഘഗാനമാണു് പ്രകൃതിയുടെ 'ശരണകീത്തനം'. കവി അതി നെ ഭാവനയ്ക്കൊത്തവണ്ണം ഏററു പാടുന്നു.

---

**പദ്യഗീതം: അഞ്ചു്.**

**ശരണകീർത്തനം.**

കവി ശരണകീർത്തനത്തിൻെറ അനുഗാനം ചെയ്യുന്നു—

കാന്തവിഗ്രഹം ശാന്തമാനസം
പന്തളാധിപോപാന്തസേവിതം
ദാന്തസദ്ഗതിം ചിന്തിതപ്രദം
ഭൂതനായകം ദേവമാശ്രയേ. (1)

കാന്തവിഗ്രഹം=കമനീയമായ ശരീരമുള്ള. ശാന്തമാനസം=ശമംനിറഞ്ഞ ഹൃദയമുള്ള. പന്തളാധിപോപാന്തസേവിതം = പന്തളത്തുരാജാവു് തന്നരികേ സേവിച്ചു പോരുന്ന. ദാന്തസദ്ഗതിം=ഇന്ദ്രിയനിഗ്രഹം സാധിച്ചവരുടെ നല്ല പ്രാപ്യസ്ഥാനമായ. ഭൂതനായകം ശരണം ആശ്രയേ=ശാസ്താവിനെ ഞാൻ ശരണമായിട്ടു് ആശ്രയിച്ചുകൊള്ളുന്നു.

ധർമ്മബോധകം കർമ്മസാക്ഷിണം
ശർമ്മസാധകം ദുർമ്മദാന്തകം
നിർമ്മമാച്ചിതം നിർമ്മലാത്മകം
ഭൂതപാലകം ദേവമാശ്രയേ. (2)

ധർമ്മബോധകം=ധർമ്മങ്ങളെ അനുശാസിക്കുന്ന (ധർമ്മശാസ്താവു് എന്നാണല്ലോ പ്രസിദ്ധി). കർമ്മസാക്ഷിണം=കർമ്മങ്ങളെനോക്കിക്കൊണ്ടിരിക്കുന്ന (ബോധിതമായ ധർമ്മം നടക്കുന്നുണ്ടോ എന്നു നോക്കുക) ശർമ്മസാധകം=സുഖംനേടിക്കൊടുക്കുന്ന (ധർമ്മം നടക്കുന്നുവെങ്കിൽ സുഖമരുളും). ദുർമ്മദാന്തകം=ദുരഹങ്കാരികളെ നശിപ്പിക്കുന്ന (തൻെറ ഉപദേശാനുസാരം ജീവിക്കാത്തവരെ ഭഗവാൻ നാശത്തിലെത്തിക്കും.) നിർമ്മമാച്ചിതം=സ്വാർത്ഥചിന്തവിട്ടവർ ആരാധിച്ചുപോരുന്ന.

ഇന്ദ്രവാപികാതീരവാസിനം
സാന്ദ്രചന്ദ്രികാഹാസസുന്ദരം
മന്ദ്രചാപനിർഘോഷഭീഷണം
ഭൂതഭാവനം ദേവമാശ്രയേ. (3)

ഇന്ദ്രവാപികാതീരവാസിനം='ഇന്ദ്രൻചിറ' ('ഇന്ത്രാഞ്ചിറ'എന്നുദേശ്യം) യുടെ തീരത്തിൽ വസിയ്ക്കുന്ന. കവിയുടെ ഇല്ലത്തിന്നടുത്തു് ഇന്ത്രാഞ്ചിറ എന്ന ഒരു വിശാലജലാശയവും അതിൻെറ പടിഞ്ഞാറെക്കരയിൽ ശാസ്താവിൻെറ ഒരു ക്ഷേത്രവുമുണ്ടു്. ആ ക്ഷേത്രത്തിൻെറ ഊരാളന്മാരിൽ ഒരാളും കൂടിയാണു് കവി. സാന്ദ്രചന്ദ്രികാഹാസസുന്ദരം=മുഴുവെൺനിലാവൊത്ത പുഞ്ചിരിയാൽ അഴകാന്ന. മന്ദ്രചാപനിർഘോഷഭീഷണം=ഉയന്ന ചെറുഞാണൊലിയാൽ ഭയങ്കരനായ. ഭൂതഭാവനം=പഞ്ചഭൂതങ്ങളുടെ പ്രഭവമായ.

വേദബോധിതം ഖേദവജ്ജിതം
ഖേദനാശനം മോദദായിനം
ശ്രീദസേവിതം നാദരൂപിണം
ഭൂതിഭൂഷണം ദേവമാശ്രയേ. (4)

വേദപ്രതിപാദ്യനും അദ്വയനും സന്താപനാശകനും സന്തോഷദായകനും കുബേരനാൽ പോലും പൂജിയ്ക്കപ്പെട്ടവനും ഓങ്കാരസ്വരൂപനും ഭസ്മാലംകൃതനും ആയ ദേവനെ ആശ്രയിയ്ക്കുന്നു.

സക്തിനാശകം രക്തിദാരകം
ഭക്തിവദ്ധകം ഭുക്തിസാധകം
മുക്തിദായകം വ്യക്തവൈഭവം
ഭൂതിപുഷ്കലം ദേവമാശ്രയേ. (5)

സക്തിനാശകം=വിഷയാസക്തി നശിപ്പിക്കുന്ന. രക്തിദാരകം:=വിഷയാഭിമുഖ്യത്തെക്കെടുത്തുന്ന. ഭക്തിവദ്ധകം=ഭക്തിയെ വദ്ധിപ്പിയ്ക്കുന്ന. വ്യക്തവൈഭവം=ഭക്തന്മാരിൽ തൻെറ സാമത്ഥ്യത്തെത്തെളിയിയ്ക്കുന്ന.

പദ്യഗീതം: ആറ്.

**ശരണകീർത്തനം.**

അരുണകോമളം തരുണസുന്ദരം
കരുണയാകുലം വരുണപൂജിതം
തരണിതേജസം മരണമോചകം
ശരണമാശ്രയേ ശബരികേശ്വരം. (1)

വരുണപൂജിതം=വരുണദേവൻ പൂജിച്ചപോരുന്ന. 'ഇള ന്നീരാട്ടം' കഴിച്ചാൽ മഴ പെയ്യും എന്ന വിശ്വാസം സൂചിതം. തരണി=സൂൎയ്യൻ. മരണ മോചകം=അപമൃത്യുവിനെത്തടയുന്ന.

മദനമോഹനം മദവിനാശനം
കദനഭേദിനം ഗദവിമോചനം
രദനശോഭിനം ഹൃദധിവാസിനം
ശരണമാശ്രയേ ശബരീകേശ്വരം. (2)

കദനം=ദുഃഖം. ഗദം=രോഗം. രദനശോഭിനം=മനോഹ രമായ ദന്തകാന്തിയുള്ള.

സുജനപാലകം കുജനഭീഷകം
പതനവാരകം മനനസാധകം
ജനനനാശകം ഭുവനനായകം
ശരണമാശ്രയേ ശബരികേശ്വരം. (3)

സുജനപാലകം=സജ്ജനങ്ങളെ രക്ഷിയ്ക്കുന്ന. കുജനഭീ ഷകം=ദുൎജ്ജനങ്ങളെ ഭയപ്പെടുത്തുന്ന. പതനവാരകം=അധഃ പതനത്തെത്തടയുന്ന. മനനസാധകം=ധ്യാനയോഗത്തിന്നു സാഫല്യമരുളുന്ന. ജനനനാശകം=പുനൎജ്ജന്മം നശിപ്പി യ്ക്കുന്ന.

ഹരിഹരാത്മജം ഹരിവരാസനം
കലിദ്ദരാസദം കലിതരാജസം
പരപരാക്രമം പരതരാശ്രയം
ശരണമാശ്രയേ ശബരികേശ്വരം. (4)

ഹരിവരാസനം=സിംഹാരൂഢനായ. കലിദ്ദരാസദം= കലിതീണ്ടാത്ത. കലിതരാജസം=രജോഗുണം കൈക്കൊണ്ട (നായാട്ടിലും മററും) പരപരാക്രമം=മികച്ച പരാക്രമം ഉള്ള. പരതരാശ്രയം=ചെന്നാശ്രയിക്കാൻ ഏററവും പററിയ.

ശകലിതദ്വിഷം ശശധരത്വിഷം
ശമലനാശനം ശമവിഭൂഷണം
ശതമഖാർച്ചിതം ശനിനിവാരകം
ശരണമാശ്രയേ ശബരികേശ്വരം. (5)

ശകലിതദ്വിഷം=ശത്രുസംഹാരംചെയ്ത. ശശധരത്വിഷം=വെണ്മതിയുടെ അഴകാന്ന. ശമലം=പാപം. ശതമഖൻ= ദേവേന്ദ്രൻ. ശനിനിവാരകം='ശനിപ്പിഴ' കൊണ്ടുള്ള അനിഷ്ടങ്ങളെ അകററുന്ന.

പദ്യഗീതം: ഏഴ്.

ബ്രഹ്മാർപ്പണം.

പൂജാവിധിയിലെ ഒടുക്കത്തെ ചടങ്ങാണ ‘ബ്രഹ്മാർപ്പണം’. ചെയ്ത കർമ്മങ്ങളേയും അവയ്ക്കു പ്രേരകങ്ങളായ ഇന്ദ്രിയങ്ങളേയും മനസ്സിനേയും ആത്മാവിനെത്തന്നെയും ഈശ്വരാർപ്പണം ചെയ്യുകയാണ് ഇതിൻെറ സ്വഭാവം. നമസ്കാരപൂർവ്വകം ആ കർമ്മം നിർവ്വഹിക്കുന്നു—

സകലദേവതാഗീതകീർത്തയേ
ശൈവവൈഷ്ണവാദ്വൈതമൂർത്തയേ
വിഹിതസജ്ജനാഭീഷ്ടപൂർത്തയേ
ഹാ! നമോ ƒസ്തു തേ നാശിതാർത്തയേ. (1)

സകലദേവതാഗീതകീർത്തയേ=എല്ലാ ദേവന്മാരും പാടിപ്പുകഴ്ത്തിയ. ശൈവവൈഷ്ണവാദ്വൈതമൂർത്തയേ=ശൈവവൈഷ്ണവതത്ത്വങ്ങളുടെ ഏകാകാരമായ. വിഹിതസജ്ജനാഭീഷ്ടപൂർത്തയേ=സജ്ജനങ്ങൾക്കു കാമിതപൂർത്തി വരുത്തിയ. നാശിതാർത്തയേ=ദുഃഖങ്ങൾ തീർത്ത. തേ നമോസ്തു=അവിടയ്ക്കു നമസ്കാരം.

സർവ്വമംഗളം ദിവ്യകോമളം
ശർവ്വനന്ദനം ഭുവനനന്ദനം
ഗർവ്വനാശകം ഭവ്യദായകം
സർവ്വഥാ വിഭും സമനുചിന്തയേ. (2)

സർവ്വമംഗളം=എല്ലാമംഗളങ്ങളും നിറഞ്ഞ. ശർവ്വനന്ദനം=ശിവപുത്രനായ. ഭുവനനന്ദനം=ലോകങ്ങളെ ആനന്ദിപ്പിക്കുന്ന. ഭവ്യദായകം=ശുഭമരുളുന്ന. വിഭും=സർവ്വശക്തനെ. സർവ്വഥാ സമനുചിന്തയേ=എല്ലാപ്രകാരത്തിലും നിരന്തരം നന്നായി ധ്യാനിച്ചുകൊള്ളുന്നു.

ഭക്തപാലനാസക്തമാനസം
ദിനകരായുതോദ്ദാമതേജസം
മോഹനാകൃതിം മോഹിനീസുതം
വിമലചേതസാ നൌമി സന്തതം. (3)

പാദം 1. ഭക്തപരിപാലനത്തിൽ തികഞ്ഞ താല്പര്യമുള്ള പാദം 2. കോടി സൂര്യപ്രഭയുള്ള. പാദം 3. സുന്ദരാകാരനായ മോഹിനീപുത്രനെ. പാദം 4. നിർമ്മലഹൃദയത്താൽ ഞാൻ നിരന്തരം നമസ്കരിച്ചുകൊള്ളുന്നു.

കർമ്മങ്ങളുടെ ബ്രഹ്മാർപ്പണം:—

സുഖചിദാത്മകേ ഭുവനഭാസകേ
നിത്യഭാസുരേ സത്യസുന്ദരേ
പരിസമർപ്പിതം ഭവതി മത്കൃതം
ധർമ്മശാസ്തരി ബ്രഹ്മഹൃന്മയേ. (4)

സുഖചിദാത്മകേ=സച്ചിദാനന്ദ സ്വരൂപനായ. ഭുവന ഭാസകേ=ലോകങ്ങളെ വിളക്കുന്ന. നിത്യഭാസുരേ=എന്നും മിന്നിത്തിളങ്ങുന്ന. ബ്രഹ്മഹൃന്മയേ=വേദസാരസ്വരൂപനായ. ധർമ്മശാസ്തരി=ധർമ്മശാസ്താവിൽ. മത്കൃതം=ഞാൻ ചെയ്തതെല്ലാം. പരിസമർപ്പിതം ഭവതി=സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ഇന്ദ്രിയങ്ങളുടെ ബ്രഹ്മാർപ്പണം:—

തരളമുദ്ബണം കരണജാലകം
പരമതേജസി ബ്രഹ്മസംജ്ഞകേ
പരിസമർപ്യതേ ത്വയി ജഗത്പ്രഭോ
നിരഘനിർമ്മമേ പർയ്യുപാസിതേ. (5)

തരളം = ചഞ്ചലം. ഉദ്ബണം = അടങ്ങി നില്ക്കാത്ത. കരണജാലകം=ഇന്ദ്രിയസമൂഹം (ജാലശബ്ദത്തിനു വല—കൂ

ടുക്ക് എന്നും അർത്ഥം) നിരഘനിർമ്മമേ=നിർദ്ദോഷനും മമതയില്ലാത്തവനുമായ. ത്വയി=അങ്ങയിൽ. സമർപ്പ്യതേ=സമർപ്പിക്കപ്പെടുന്നു.

മനസ്സിൻേറയും ആത്മാവിൻേറയും ബ്രഹ്മാർപ്പണം:—

ദിവ്യശാംബരാകാരധാരിണേ
ശരണകീർത്തനശ്രവണതോഷിണേ
അർപ്പയാമി തേ ധർമ്മരക്ഷിണേ
ഹൃദയമാത്മനാ കമനരൂപിണേ. (6)

പാദം 1. ദിവ്യമായ കാട്ടാളാകൃതിപൂണ്ട. പാദം 2. 'ശരണംവിളി'കേട്ടു സന്തോഷിക്കുന്ന. ധർമ്മരക്ഷിണേ കമനരൂപിണേ തേ=ധർമ്മസംരക്ഷകനും മനോഹരാകാരനുമായ അങ്ങേക്കായിക്കൊണ്ട്. ആത്മനാ ഹൃദയം=ആത്മാവിനോടുകൂടി ഹൃദയത്തെ അർപ്പിച്ചുകൊള്ളുന്നു.

ഭാവിയെപ്പററി കവി പ്രാർത്ഥിക്കുകയാണ്:—

ദേവദേവ തേ വപുരിദം ജഗത്
സതതവിസ്മയോത്പുളകദർശനം
അർച്ചയാന്യഥോ വിഗളിതവ്യഥോ
വിനിഹിതാശയസ്ത്വയി ചിദാത്മകേ. (7)

സതത...ദർശനം=വല്ലാത്ത വിസ്മയത്തോടേയും കോൾമയിർക്കൊണ്ടുകൊണ്ടും നോക്കിക്കാണുന്ന. ഇദം ജഗത് തേ വപുഃ=ഈ ജഗത്തു തന്നെയാകുന്ന അങ്ങയുടെ ശരീരത്തെ (ഈശ്വരൻെറ വിരാട് സ്വരൂപത്തെ) വിഗളിതവ്യഥഃ=പ്രാപഞ്ചികക്ലേശങ്ങളെല്ലാം ഇട്ടെറിഞ്ഞു്. ചിദാത്മകേ ത്വയി വിനിഹിതാശയഃ=ചിത്സ്വരൂപനായ അങ്ങയിൽ ചിത്തമുറപ്പിച്ച്. അഥോ അർച്ചയാനി=മേലാൽ ഞാൻ അർച്ചിക്കമാറാകട്ടേ!

ശുഭം

# ശബരീശഗീതാഞ്ജലി:



പി. സി. വാസുദേവൻ എളയതു്.

Indic Digital Archive Foundation
gpura.org